## മഹാത്മാ ഗാന്ധി സർവ്വകലാശാല
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512


**വാർത്താക്കുറിപ്പ് (1)**

**2023 ഫെബ്രുവരി 17**

---

# മുതിർന്ന പൗരൻമാരുടെ സമഗ്ര തുടർ പഠത്തിന് വഴിയൊരുക്കി യൂണിവേഴ്സിറ്റി ഓഫ് തേഡ് ഏജ്

മുതിർന്ന പൗരൻമാർക്ക് സൗഹൃദാന്തരീക്ഷത്തിൽ തങ്ങളുടെ അറിവുകളും കഴിവുകളും താത്പര്യങ്ങളും പങ്കുവയ്ക്കാൻ അവസരമൊരുക്കുന്ന യുണിവേഴ്സിറ്റി ഓഫ് തേഡ് ഏജിന്റെ(യു3എ) പ്രവർത്തനം മഹാത്മാ ഗാന്ധി സർവകലാശാലയിൽ ആരംഭിക്കുന്നു.

1973ൽ ഫ്രാൻസിൽ തുടക്കം കുറിച്ച യു3എ ഇന്ന് ഇരുപതോളം രാജ്യങ്ങളിൽ സജീവമാണ്. ഇന്ത്യയിൽ ആദ്യമായാണ് ഒരു സർവകലാശാലയിൽ ഈ മേഖലയിലുള്ള പ്രവർത്തനം ആരംഭിക്കുന്നത്.

തീം സെന്റേർഡ് ഇന്ററാക്ഷൻ രീതിയിലാണ് യു3എ പ്രവർത്തിക്കുക. ഈ രംഗത്ത് എട്ടു വർഷമായി സജീവമായുള്ള സിനർജി ടി.സി.ഐ ഫോറം ഫോർ സീനിയർ സിറ്റിസൺസ് എന്ന സംഘടനയുടെ മാതൃകയായിരിക്കും സർവകലാശാലയിലെ സംവിധാനം പ്രവർത്തിക്കുക.

ഇതുമായി ബന്ധപ്പെട്ട ആദ്യ പരിശീലന പരിപാടി ഫെബ്രുവരി 27,28 തീയതികളിൽ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും. ഡോ. എ.പി. തോമസ്, ഡോ. പി.ടി. ബാബുരാജ്, ഡോ. റോബിനെറ്റ് ജേക്കബ്, ഡോ. കെ. സാബുക്കുട്ടൻ, ഡോ. ടോണി കെ. തോമസ് എന്നിവർ നേതൃത്വം നൽകും.

ഡോ. തോമസ് ഏബ്രഹാമും ബട്ടർഫ്ളൈ ഫെസിലിറ്റേറ്റർമാരും പരിശീലനം ഏകോപിപ്പിക്കും. 28ന് സർവകലാശാലാ വൈസ് ചാൻസർ പ്രഫ. സാബു തോമസ് യു3എ പ്രവർത്തകരുമായി സംവദിക്കും.

പരിശീലന പരിപാടിയിൽ 55 വയസിനു മുകളിലുള്ള സ്ത്രീകൾക്കും പുരുഷൻമാർക്കും പങ്കെടുക്കാം. 9447310348, 9048046955, 9495094522 എന്നീ നമ്പരുകളിൽ പേരും വിലാസവും വാട്സപ്പ് ചെയ്താൽ വിശദ വിവരങ്ങൾ ലഭ്യമാകും.

(പി.ആർ.ഒ/39/192/2023)

## ശാസ്ത്ര കോൺഗ്രസ്; ശ്രുതി എൻ. കുമാറിന് പുരസ്കാരം

മഹാത്മാ ഗാന്ധി സർവകലാശാലാ സ്കൂൾ ഓഫ് ബയോ സയൻസിലെ പി.എച്ച്.ഡി വിദ്യാർഥിനി ശ്രുതി എൻ. കുമാറിന് കേരള ശാസ്ത്ര കോൺഗ്രസിലെ ഡെലിഗേറ്റ് വിഭാഗത്തിലെ മികച്ച ഗവേഷണ പ്രബന്ധത്തിനുള്ള(പോസ്റ്റർ പ്രസൻറേഷൻ) പുരസ്കാരം. വാനിലയിൽനിന്ന് ഉത്പാദിപ്പിക്കുന്ന രാസസംയുക്തമായ വാനിലിൻറെ ഔഷധഗുണങ്ങളെക്കുറിച്ചുള്ള പഠനമാണ് ശ്രുതി അവതരിപ്പിച്ചത്.

ക്ഷതങ്ങളോടുള്ള ശരീര കോശങ്ങളുടെ പ്രതികരണത്തിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതിന് വാനിലിൻ ഉപയോഗിക്കാമെന്നാണ് കണ്ടെത്തൽ. ക്ഷതചികിത്സാ മരുന്നുകൾ വികസിപ്പിക്കുന്നിനുള്ള വിശദ പഠനങ്ങൾക്ക് വഴിതെളിക്കുന്നതാണ് ഈ പഠനം.

(പി.ആർ.ഒ/39/193/2023)

## പ്രോജക്ട് ഇവാല്യുവേഷൻ, വൈവാ വോസി പരീക്ഷകൾക്ക് അപേക്ഷിക്കാം

ആറാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ഹോട്ടൽ മാനേജ്മെൻറ് (2019 അഡ്മിഷൻ റഗുലർ, 2018-2015 അഡ്മിഷനുകൾ സപ്ലിമെൻററി, 2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ പ്രോജക്ട് ഇവാല്യുവേഷൻ, വൈവാ വോസി പരീക്ഷകൾക്ക് പിഴയില്ലാതെ ഫെബ്രുവരി 27 വരെ അപേക്ഷ നൽകാം. പിഴയോടു കൂടി ഫെബ്രുവരി 28നും സൂപ്പർ ഫൈനോടു കൂടി മാർച്ച് ഒന്നിനും അപേക്ഷ സ്വീകരിക്കും.

ആദ്യ മെഴ്സി ചാൻസിന് (2014 അഡ്മിഷൻ) 5515 രൂപയും രണ്ടാം മെഴ്സി ചാൻസിന് (2013 അഡ്മിഷൻ) 7720 രൂപയും പരീക്ഷാ ഫീസിനൊപ്പം സ്പെഷ്യൽ ഫീസ് അടയ്ക്കണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/194/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

മൂന്നാം സെമസ്റ്റർ എം.എഡ് സ്പെഷ്യൽ എജ്യുക്കേഷൻ - ഇൻറലക്ചൽ ഡിസെബിലിറ്റി ( രണ്ടു വർഷം - 2021 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾ മാർച്ച് 24 ന് തുടങ്ങും.

പിഴയില്ലാതെ ഫീസടച്ച് മാർച്ച് ആറു വരെയും പിഴയോടു കൂടി മാർച്ച് ഏഴിനും സൂപ്പർഫൈനോടു കൂടി മാർച്ച് എട്ടിനും അപേക്ഷ സമർപ്പിക്കാം.
വിദ്യാർഥികൾ ഒരു പേപ്പറിന് 60 രൂപ നിരക്കിൽ (പരമാവധി 300 രൂപ) പരീക്ഷാ ഫീസിനൊപ്പം സി.വി. ക്യാമ്പ് ഫീസ് അടയ്ക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/195/2023)

## ടൈം ടേബിൾ പുനക്രമീകരിച്ചു

ഫെബ്രുവരി 14 ന് ആരംഭിച്ച നാലാം സെമസ്റ്റർ എം.എസ്.സി (സി.എസ്.എസ്, 2018,2017,2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2015,2014,2013,2012 അഡ്മിഷനുകൾ മെഴ്സി ചാൻസ് - ഫെബ്രുവരി 2023) പരീക്ഷയോടൊപ്പം കൂടുതൽ പേപ്പറുകൾ ഉൾപ്പെടുത്തി ടൈം ടേബിൾ പുനക്രമീകരിച്ചു. പരീക്ഷകൾ ഫെബ്രുവരി 27, മാർച്ച് ഒന്ന് തീയതികളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/196/2023)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.വോക്ക് അക്കൗണ്ടിംഗ് ആൻറ് ടാക്സേഷൻ (പുതിയ സ്കീം, 2021 അഡ്മിഷൻ റഗുലർ - ജനുവരി 2023) പരീക്ഷയുടെ പ്രായോഗിക പരീക്ഷ ഫെബ്രുവരി 20ന് അതത് കേന്ദ്രങ്ങളിൽ നടത്തും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

...........................

മൂന്നാം സെമസ്റ്റർ ബി.വോക് സ്പോർട്സ് ന്യൂട്രീഷൻ ആൻറ് ഫിസിയോതെറാപ്പി (പുതിയ സ്കീം, 2021 അഡ്മിഷൻ റഗുലർ - ഡിസംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 20 ന് പാലാ, അൽഫോൻസാ കോളജിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

...........................

രണ്ടാം സെമസ്റ്റർ എം.എ ചെണ്ട (സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി - ഡിസംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 21,22 തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/197/2023)

## പരീക്ഷാ ഫലം

2022 ജൂലൈയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എഡ് ( രണ്ടു വർഷം - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മാർച്ച് രണ്ട് വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

...........................

നാലാം സെമസ്റ്റർ എം.എസ്.സി ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി (2020 അഡ്മിഷൻ റഗുലർ - ഓഗസ്റ്റ് 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മാർച്ച് ഒന്നു വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

...........................

സ്കൂൾ ഓഫ് നാനോസയൻസ് ആൻറ് നാനോടെക്നോളജിയുടെ 2022 ജൂണിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി നാനോസയൻസ് ആൻറ് നാനോടെക്നോളജി (ഫിസിക്സ്), എം.എസ്.സി നാനോസയൻസ് ആൻറ് നാനോടെക്നോളജി (കെമിസ്ട്രി) (202123 ബാച്ച് റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഫെബ്രുവരി 25 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാം.

…………………………

രണ്ടാം സെമസ്റ്റർ എം.എ മലയാളം (പി.ജി.സി.എസ്.എസ്, 2012-2016 അഡ്മിഷനുകൾ സപ്ലിമെൻററി - ജനുവരി 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മാർച്ച് മൂന്ന് വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ/39/198/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**